പതിനാലാം കേരള നിയമസഭ

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2829 07.12.2018 ൽ മറുപടിയ്ക്ക്

<u>റെയിൽ ഫെൻസിംഗ്</u>

| <u>ചോദ്യം</u><br>ശ്രീ.ഒ.ആർ.കേളു | | <u>മറുപടി</u><br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ റെയിൽഫെൻസിംഗ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | വയനാട് ജില്ലയിൽ 16 കി.മീറ്റർ നീളത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും പ്രസ്തുത പണികൾ നിർവ്വഹിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. |
| (ബി) | എത്ര കോടി രൂപയാണ് മേൽ പ്രവൃത്തിക്കായി അനുവദിച്ചിട്ടുള്ളത്; | (ബി) | ഇരുപത്തിനാല് കോടി രൂപയുടെ ഭരണാനുമതിയാണ് മേൽ പ്രവർത്തിക്കായി ലഭിച്ചത്. |
| (സി) | ആദ്യഘട്ടത്തിൽ വയനാട് ജില്ലയിൽ റെയിൽ ഫെൻസിംഗ് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (സി)&(ഡി) | വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ കുറിച്യാട് റെയിഞ്ചിലെ കുപ്പാടി ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട സത്രംകുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി.മീറ്ററും നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിലെ കൂടൽക്കടവ് മുതൽ പാൽവെളിച്ചം വരെ 6 കി. മീറ്ററും റെയിൽ ഫെൻസിംഗ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | മേൽപദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | | KIIFB രണ്ടാം ഘട്ട പദ്ധതികളിലുൾപ്പെടുത്തി 136.70 കി. മി. സോളാർ ഫെൻസിങ്, 42 കി. മി. ക്രാഷ് ഗാർഡ് ഫെൻസിങ്, 0.30 കി.മി. ആന പ്രതിരോധ മതിൽ എന്നിവ കൂടാതെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയും ഉൾപ്പെടുത്തി 7361.06 ലക്ഷം രൂപക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റെയിൽ ഫെൻസിങ് കൂടുതൽ മേഖലയിൽ വ്യാപിപ്പിക്കാൻ നിലവിൽ ആലോചനയില്ല. |

സെക്ഷൻ ഓഫീസർ.